# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.6030 - 02/04/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ.രാജു എബ്രഹാം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ അപേക്ഷ നൽകേണ്ട സമയപരിധി എന്നുവരെയായിരുന്നു; അപേക്ഷയോടൊപ്പം എന്തൊക്കെ രേഖകളായിരുന്നു സമർപ്പിക്കേണ്ടിയിരുന്നത്; പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് ഓൺലൈൻ അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി 31.01.2018 ആയിരുന്നു. എസ്.എസ്.എൽ.സി / തത്തുല്യ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ്, കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ്, ആധാർ കാർഡ്, പ്രത്യേക കേസുകളിൽ മരണ സർട്ടിഫിക്കറ്റ്, ഡിസബിലിറ്റി സർട്ടിഫിക്കറ്റ് തുടങ്ങിയ വിവരങ്ങളാണ് സമർപ്പിക്കേണ്ടിയിരുന്നത്. 2016 ഏപ്രിൽ 1 മുതൽ മുൻകാല പ്രാബല്യത്തോടെ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിൽ യോഗ്യമായവയ്ക്ക് പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായി വായ്പാ തിരിച്ചടവ് ധനസഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ആദ്യഗഡു സർക്കാർ വിഹിതം അനുവദിച്ചുകഴിഞ്ഞു. |
| ബി | പാൻകാർഡ് ഇല്ലാത്തതിനാലും വായ്പ തുകയുടെ 40% മുൻകൂർ അടയ്ക്കണമെന്ന് ചില ബാങ്കുകൾ നിർബന്ധം പിടിച്ചതു മൂലവും പലർക്കും വായ്പാ തിരിച്ചടവ് പദ്ധതിയിൽ | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസാന തീയതിയായി നിശ്ചയിച്ചിരുന്നത് 31.10.2017 ആണ്. വിദ്യാർത്ഥികൾക്ക് പാൻ കാർഡ് ലഭിക്കുന്നതിന് കാലതാമസം |

| | | |
|---|---|---|
| | അപേക്ഷ നൽകാൻ കഴിയാതെ വന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ അപേക്ഷ സമയപരിധിക്കുള്ളിൽ സമർപ്പിക്കാൻ സാധിക്കാതിരുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.12.2017 വരെയും തുടർന്ന് 31.01.2018 വരെയും രണ്ടു തവണ ദീർഘിപ്പിച്ചു നൽകിയിരുന്നു. ഓൺലൈൻ അപേക്ഷ സ്വീകരിക്കപ്പെട്ട ശേഷം വായ്പാക്കാരന്റെ വിഹിതം ബാങ്കുകളിൽ മുൻകൂറായി അടയ്ക്കണമെന്നാണ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വിവക്ഷിച്ചിരിക്കുന്നത്. ഇപ്രകാരം നിശ്ചിത ദിവസത്തിനുള്ളിൽ വായ്പാക്കാരന്റെ വിഹിതം ഒടുക്കുന്ന മുറയ്ക്കാണ് ബാങ്കുകൾ അപേക്ഷ സർക്കാരിലേയ്ക്ക് കൈമാറുന്നത്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന്, തുക ഒടുക്കാതിരിക്കുന്നത് ഒരു തടസ്സമായി വന്നിട്ടില്ല. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ